"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. മേഴ്സി ജോസിനെ തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.167/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/01/2021

---

പരാമർശം:- 1 സ. ഉ (പി) നം. 501/2005/ധന തീയതി 25.11.2005

2 ജി.ഒ (പി) നം. 62/2010/ധന തീയതി 09/02/2010

3 സർക്കുലർ നം. 19/2016/ധന തീയതി 05/3/2016

4 സ.ഉ(അച്ചടി) നം. 58/2018/ധന തീയതി 01/4/2018

5 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25/9/2018 ലെ TA 5436/2012 നം. ഉത്തരവ്

6 തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 31/01/2019 ലെ ഡിപിടി/ഡി2-2306/2019 നം. കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ പാർട്ട് ടൈം കാഷൽ സ്വീപ്പറായ ശ്രീമതി. മേഴ്സി ജോസ് ടിയാരിയുടെ നിയമനം ക്രമവൽക്കരിക്കുന്നതിലേക്കായി ഫയൽ ചെയ്തിരുന്ന TA 5436/2012 ഹർജിയിൽ പരാമർ ശം (5) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ പരാമർ ശം (1) ഉത്തരവ് പ്രകാരം അപേക്ഷകയ്ക്ക് ക്രമവൽക്കരണം അനുവദിക്കുന്നതിന് അർഹയാണെന്നും അപേക്ഷകയുടെ സേവനം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് സമർപ്പിക്കുവാനും ഒന്നാം കക്ഷി ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാനും നിർദേശിച്ചു. രണ്ടാം കക്ഷിയായ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷകയുടെ സേവനം ക്രമവൽക്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർ ശം (6) പ്രകാരം സർക്കാരിൽ ലഭ്യമാക്കി. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഓഫീസിൽ ലഭ്യമായ രേഖകൾ, ഫയൽ, ശ്രീമതി. മേഴ്സി ജോസിന്റെ സേവനപുസ്തകം, അറ്റൻഡൻസ് രജിസ്റ്റർ,അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രീമതി. മേഴ്സി ജോസിനെ 02.08.2008 ലെ ജി.ഒ(പി) 361/2005/ഫിൻ, 25.11.2005 ലെ ജി.ഒ(പി) 501/2005/ഫിൻ എന്നീ ഉത്തരവുകളിലെ നിർദേശാനുസരണം 25.11.2005 മുതൽ പ്രാബല്യത്തിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിച്ചതായി കാണുന്നതായും ഈ നിയമനം 13.01.2006 ലെ 1-ാം നം. തീരുമാന പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതായും ടി ഓഫീസിലെ 28.02.2006 ലെ ഡിപിടി(ഇ) 6/06 ഉത്തരവ് പ്രകാരം 25.11.2005 തീയതിയിൽ സേവനം ക്രമവൽക്കരിച്ചിരിക്കുന്നതായി ടിയാരിയുടെ സേവനപുസ്തകത്തിൽ നിന്ന് മനസ്സിലാക്കുന്നതായും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർ ശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിർദ്ദേശാനുസരണം 25/11/2005 മുതൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഓഫീസിൽ ശ്രീമതി. മേഴ്സി ജോസിനെ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കുകയും, ആ ദിവസം മുതൽ പാർട്ട് ടൈം സ്വീപ്പറുടെ ശമ്പളമായി 1500/- രൂപയും അർഹമായ ക്ഷാമബത്തയും നൽകി വരുന്നതായി കാണുന്നു. 01/01/2019 ലെ സ്വീപ്പിംങ് ഏര്യ സർട്ടിഫിക്കറ്റ് അനുസരിച്ച് ടി ഓഫീസിന്റെ സ്വീപ്പിംങ് ഏര്യ 945.836 ച. മീ. ആണ്. 2004 ൽ എല്ലാ ജില്ലാ പഞ്ചായത്തുകളിലും പാർട്ട് ടൈം തസ്തിക സൃഷ്ടിക്കാൻ സർക്കാർ അനുമതി നൽകുകയും ടി നിയമനം

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണെന്നും നിർദേശിച്ചിരുന്നു. ബഹു. ട്രൈബ്യൂണൽ ഉത്തരവിന് ശേഷം 31/01/2019 ലാണ് ശ്രീമതി. മേഴ്സി ജോസിനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുള്ളത്. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക iv ൽ " in cases where sweepers were engaged against existing sanctioned post for any reason shall also be entitled to regularization provided the date of appointment was on or before 25/11/2005. On retirement the existing sweeper in such offices the vacancy will be fill up through employment exchange only " എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പരാമർശം (3) ലെ സർക്കുലർ പ്രകാരം താൽക്കാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ ടി സർക്കുലർ തീയതിക്കുശേഷം പരിഗണിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരാമർശം (4) ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമപ്രകാരം കാഷ്വൽ/താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യങ്ങളിൽ ശ്രീമതി. മേഴ്സി ജോസിനെ തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (5) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി. മേഴ്സി ജോസ്, പാർട്ട് ടൈം സ്വീപ്പർ, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ ( സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ മുഖേന)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. DEV-1/17/2019-FIN. തീയതി 06.10.2020 പ്രകാരം).

എക്സി. ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/215/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ